# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *82 30.01.2019-ൽ മറുപടിക്ക്

## വൈലോപ്പിള്ളി സംസ്കൃതിഭവന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.വി. ജോയി

ശ്രീ.എം. മുകേഷ്

ശ്രീ. പുരുഷൻ കടലുണ്ടി

മറുപടി

ശ്രീ. എ.കെ.ബാലൻ

(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്തെ ഒരു പ്രധാന സാംസ്കാരിക കേന്ദ്രം എന്ന നിലയിൽ വൈലോപ്പിള്ളി സംസ്കൃതിഭവന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | കേരളത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവയെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെയാണ് വൈലോപ്പിള്ളി സംസ്കൃതി ഭവൻ രൂപീകൃതമായത്. 2016 ഡിസംബർ മാസം മുതൽ വാരാന്ത്യത്തിൽ നടത്തിയിരുന്ന പ്രതിവാര പരിപാടികളെ ഏകോപ്പിച്ച് "സംസ്കൃതി പ്രതിമാസ സാംസ്കാരികോത്സവം" എന്ന പേരിൽ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. മാസത്തിൽ നാലോ അഞ്ചോ ദിവസം നീണ്ടു നിൽക്കുന്ന പാരമ്പര്യ കലകളും കലാ സാംസ് കാരിക പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്താറുള്ളത്. പാരമ്പര്യ കലകളും ആധുനിക കലകളും ഒരേ പോലെ ഉൾപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും കൂടുതൽ പരിഗണന നൽകി നവോത്ഥാന മൂല്യങ്ങൾ, പുരോഗമന ആശയങ്ങൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന തരത്തിലുള്ള പരിപാടികൾ നടത്തി വരുന്നു. പ്രസ്തുത പരിപാടികളിൽ ആഗോളതലത്തിൽ പ്രശസ്തരായവരും ഉയർന്നു വരുന്ന കലാകാരന്മാരും കലാകാരികളുമടക്കം പങ്കെടുത്തിട്ടുണ്ട്. സാംസ്കാരിക വകുപ്പ് ഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിലും വിജയവാഡ തുടങ്ങി സംസ്ഥാനത്തിനു പുറത്തും സംസ്ഥാനത്തിനകത്ത് മറ്റു ജില്ലകളിലും സ്ഥാപനം പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സാഹിത്യ പ്രവർത്തകർക്ക് സ്വസ്ഥമായ അന്തരീക്ഷത്തിൽ സൃഷ്ടികളിലേർപ്പെടുന്നതിനും താമസിക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ; വിശദമാക്കുമോ; | (ബി) & (സി) | സാഹിത്യ പ്രവർത്തകർക്ക് സ്വസ്ഥമായ അന്തരീക്ഷത്തിൽ താമസിച്ച് സൃഷ്ടികളിലേർപ്പെടുന്നതിനായി നിലവിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2 ഡോർമെട്ടികളാണ് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ താമസാവശ്യത്തിനായി ഉള്ളത്. ഒരു ഡോർമെട്ടിയിൽ 20 കിടക്ക വീതം രണ്ട് ഡോർമെട്ടിയിലുമായി 40 കിടക്കകളാണ് സജ്ജമാക്കിയിട്ടുള്ളത്. പ്രതിദിനം ഒരു ഡോർമെട്ടിക്ക് 3300 രൂപയും ടാക്സും ഈടാക്കി വാടകയ്ക്ക് നൽകി വരുമാനവും ലഭ്യമാക്കി വരുന്നു. |
| (സി) | കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ആവശ്യമായ സ്ഥല സൗകര്യങ്ങൾ ലഭ്യമാണോ; ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (ഡി) | വൈലോപ്പള്ളി സംസ്കൃതിഭവൻ വിഭാവനം ചെയ്യുന്ന അതിഥി മന്ദിരം സാക്ഷാത്ക്കരിക്കുന്നതോടെ കുറഞ്ഞ ചെലവിൽ കൂടുതൽ കലാകാരൻമാർക്ക് താമസിച്ച് കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കുമോ; വിശദമാക്കുമോ? | (ഡി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ